## 14 -ാം കേരള നിയമസഭ

## 22 -ാം സമ്മേളനം

**നക്ഷത്ര ചിഹ്നം ഇല്ലാത്ത ചോദ്യം നം. 2277** | **21-01-2021 - ൽ മറുപടിയ്ക്ക്**

## വിദ്യാഭ്യാസ വായ്പാ തിരിച്ചടവ് പദ്ധതി

| ചോദ്യം | | ഉത്തരം | |
|---|---|---|---|
| ശ്രീ. രാജു എബ്രഹാം | | Dr. T. M. Thomas Isaac<br>(ധനകാര്യവും കയറും വകുപ്പുമന്ത്രി) | |
| (എ) | വിദ്യാഭ്യാസ വായ്പ എടുത്ത് തിരിച്ചടവ് മുടങ്ങിയവർക്കായി സംസ്ഥാന സർക്കാർ, ഏർപ്പെടുത്തിയ വിദ്യാഭ്യാസവായ്പാ തിരിച്ചടവ് പദ്ധതിയുടെ ഇപ്പോഴത്തെ അവസ്ഥ എന്താണെന്ന് വ്യക്തമാക്കുമോ; എന്നുമുതലാണ് പ്രസ്തുത പദ്ധതി ആരംഭിച്ചത്; ഓരോ വർഷവും ഇതിനായി എത്ര രൂപ വീതമാണ് അനുവദിച്ചിട്ടുള്ളതെന്നും ഇതിൽ ഓരോ വർഷവും എത്ര അപേക്ഷകർക്കായി എത്ര രൂപ വീതം ചെലവഴിച്ചിട്ടുണ്ട് എന്നും വ്യക്തമാക്കുമോ; | (എ) | 16/05/2017 ലെ സ.ഉ (അച്ചടി) നം.65/2017/ധന ഉത്തരവ് പ്രകാരമാണ് വിദ്യാഭ്യാസ വായ്പാ തിരിച്ചടവ് സഹായ പദ്ധതി നിലവിൽ വന്നത്. ഈ പദ്ധതിയിലേയ്ക്ക് ഓൺലൈൻ അപേക്ഷ സമർപ്പിക്കുന്നതിന് 2018 ജനുവരി 31 വരെ സമയം അനുവദിച്ചിരുന്നു. പദ്ധതി സഹായം നൽകുന്നതിന് ഓരോ വർഷവും ബജറ്റിൽ നിശ്ചിത തുക വകയിരുത്താറില്ല. ഓൺലൈൻ അപേക്ഷകളിന്മേൽ ബാങ്കുകൾ സമർപ്പിക്കുന്ന ക്ലെയിം തുകയുടെ അടിസ്ഥാനത്തിൽ അധിക ധനാനുമതിയിലൂടെ ആവശ്യമായ തുക ലഭ്യമാക്കുകയാണ് ചെയ്തു വരുന്നത്. പദ്ധതിയുടെ കീഴിൽ ഇതുവരെ ചെലവഴിച്ച തുക വർഷം തിരിച്ച് ചുവടെ ചേർക്കുന്നു. |
| (ബി) | പ്രസ്തുത പദ്ധതിയുടെ ഗുണഭോക്താക്കളാകാൻ എന്തൊക്കെ മാനദണ്ഡങ്ങളായിരുന്നു നിശ്ചയിച്ചിരുന്നത്; | (ബി) | വിദ്യാഭ്യാസ വായ്പാ തിരിച്ചടവ് സഹായ പദ്ധതി പ്രകാരം 9 ലക്ഷം രൂപ വരെയുള്ള വിദ്യാഭ്യാസ വായ്പാ അക്കൗണ്ടുകളെ എൻ.പി.എ അക്കൗണ്ടുകളെന്നും സ്റ്റാൻഡേർഡ് അക്കൗണ്ടുകളെന്നും (എൻ.പി.എ ആകാത്തവ) രണ്ടായി തിരിച്ചാണ് പദ്ധതി സഹായം നൽകി വരുന്നത്. എൻ.പി.എ ആയ അക്കൗണ്ടുകളെ സംബന്ധിച്ച് അവ 2016 മാർച്ച് 31 നോ അതിനു മുൻപോ എൻ.പി.എ ആയിരിക്കണമെന്നും സ്റ്റാൻഡേർഡ് അക്കൗണ്ടുകളെ സംബന്ധിച്ച് അവയുടെ തിരിച്ചടവ് തുടങ്ങുന്ന തീയതി 2012 ഏപ്രിൽ 1 നും 2016 മാർച്ച് 31 നും ഇടയിലായിരിക്കണമെന്നും വ്യവസ്ഥ ചെയ്തിട്ടുണ്ട്. പദ്ധതി മാനദണ്ഡപ്രകാരം നഴ്സിംഗ് കോഴ്സുകൾക്ക് മെരിറ്റ്/മാനേജ്മെന്റ് വ്യത്യാസമില്ലാതെ തന്നെ സഹായം നൽകുന്നുണ്ട്. എന്നാൽ, നഴ്സിംഗ് ഇതര കോഴ്സുകളിൽ മെരിറ്റ് സീറ്റിൽ അഡ്മിഷൻ ലഭിച്ചവർക്കു മാത്രമേ പദ്ധതി സഹായം ലഭ്യമാക്കാൻ കഴിയൂ. കൂടാതെ, നഴ്സിംഗ് ഇതര കോഴ്സുകളിലെ ഫീസ് സർക്കാർ/ എയ്ഡഡ് സ്ഥാപനങ്ങളിലെയോ, |

| | | | |
|---|---|---|---|
| | | | LBS, CAPE, IHRD, CCEK, SCT, Universities in Kerala ഉടങ്ങി സർക്കാർ നിയന്ത്രണത്തിലുള്ള സ്ഥാപനങ്ങൾ നടത്തുന്ന സ്വാശ്രയ കോളേജുകളിലെയോ മെറിറ്റ്/ഫ്രീ ഷിപ്പ് സീറ്റുകളിലെ ഫീസ് നിരക്കിന് അനുസരിച്ചായിരിക്കുകയും വേണം. സംസ്ഥാനത്തിനു പുറത്തു പഠിക്കുന്ന കോഴ്സുകൾക്കും മേൽപറഞ്ഞ മാനദണ്ഡങ്ങൾ പാലിക്കുന്ന പക്ഷം ആനുകൂല്യം നൽകി വരുന്നുണ്ട്. |
| (സി) | സംസ്ഥാനത്തിന് പുറത്ത് പ്രൊഫഷണൽ കോഴ്സിന് പഠിച്ചിട്ടുള്ളവരും ,വിദ്യാഭ്യാസവായ്പ എടുത്തിട്ടുള്ളവരുമായവർക്ക് പ്രസ്തുത പദ്ധതിയുടെ ആനുകൂല്യം ലഭിക്കാൻ എന്തെങ്കിലുംനടപടി സ്വീകരിക്കാൻ സർക്കാർ ഉദ്ദേശിക്കുന്നുണ്ടോ; വിശദാംശങ്ങൾ ലഭ്യമാക്കാമോ? | (സി) | വിദ്യാഭ്യാസ വായ്പാ തിരിച്ചടവ് സഹായ പദ്ധതി പ്രകാരം 9 ലക്ഷം രൂപ വരെയുള്ള വിദ്യാഭ്യാസ വായ്പാ അക്കൗണ്ടുകളെ എൻ.പി.എ അക്കൗണ്ടുകളെന്നും സ്റ്റാൻഡേർഡ് അക്കൗണ്ടുകളെന്നും (എൻ.പി.എ ആകാത്തവ) രണ്ടായി തിരിച്ചാണ് പദ്ധതി സഹായം നൽകി വരുന്നത്. എൻ.പി.എ ആയ അക്കൗണ്ടുകളെ സംബന്ധിച്ച് അവ 2016 മാർച്ച് 31 നോ അതിനു മുൻപോ എൻ.പി.എ ആയിരിക്കണമെന്നും സ്റ്റാൻഡേർഡ് അക്കൗണ്ടുകളെ സംബന്ധിച്ച് അവയുടെ തിരിച്ചടവ് തുടങ്ങുന്ന തീയതി 2012 ഏപ്രിൽ 1 നും 2016 മാർച്ച് 31 നും ഇടയിലായിരിക്കണമെന്നും വ്യവസ്ഥ ചെയ്തിട്ടുണ്ട്. പദ്ധതി മാനദണ്ഡപ്രകാരം നഴ്സിംഗ് കോഴ്സുകൾക്ക് മെരിറ്റ്/മാനേജ്മെന്റ് വ്യത്യാസമില്ലാതെ തന്നെ സഹായം നൽകുന്നുണ്ട്. എന്നാൽ, നഴ്സിംഗ് ഇതര കോഴ്സുകളിൽ മെറിറ്റ് സീറ്റിൽ അഡ്മിഷൻ ലഭിച്ചവർക്കു മാത്രമേ പദ്ധതി സഹായം ലഭ്യമാക്കാൻ കഴിയൂ. കൂടാതെ, നഴ്സിംഗ് ഇതര കോഴ്സുകളിലെ ഫീസ് സർക്കാർ/ എയ്ഡഡ് സ്ഥാപനങ്ങളിലെയോ, LBS, CAPE, IHRD, CCEK, SCT, Universities in Kerala ഉടങ്ങി സർക്കാർ നിയന്ത്രണത്തിലുള്ള സ്ഥാപനങ്ങൾ നടത്തുന്ന സ്വാശ്രയ കോളേജുകളിലെയോ മെറിറ്റ്/ഫ്രീ ഷിപ്പ് സീറ്റുകളിലെ ഫീസ് നിരക്കിന് അനുസരിച്ചായിരിക്കുകയും വേണം. സംസ്ഥാനത്തിനു പുറത്തു പഠിക്കുന്ന കോഴ്സുകൾക്കും മേൽപറഞ്ഞ മാനദണ്ഡങ്ങൾ പാലിക്കുന്ന പക്ഷം ആനുകൂല്യം നൽകി വരുന്നുണ്ട്. |

സെക്ഷൻ ഓഫീസർ

| വർഷം | ക്ലെയിമുകളുടെ (അപേക്ഷകളുടെ) എണ്ണം | ചെലവഴിച്ച തുക (തുക കോടിയിൽ) |
|---|---|---|
| 2017-18 | 291 | 2.92 |
| 2018-19 | 15883 | 153.82 |
| 2019-20 | 3727 | 38.84 |
| 2020-21 | 1305 | 9.73 |
| **ആകെ** | **21206** | **205.31** |